# S.N. U.P. SCHOOL

## Piravanthoor, Punalur

# മാസ്റ്റർ പ്ലാൻ
# വിഷൻ 100

# ചിരാത്

# S.N. U.P. SCHOOL

## Piravanthoor, Punalur



# ശ്രീ നാരായണ അപ്പർ പ്രൈമറി സ്ക്കൂൾ

പിറവന്തൂർ

പിൻ – 689696

ഫോൺ – 0475 – 2371170

സ്ക്കൂൾ കോഡ് – 40452

വിദ്യാഭ്യാസ ഉപജില്ല – പുനലൂർ

വിദ്യാഭ്യാസ ജില്ല – പുനലൂർ

# ശ്രീ നാരായണ അപ്പർ പ്രൈമറി സ്കൂൾ

## പിറവന്തൂർ

**പിൻ - 689696**

**ഫോൺ - 0475-2371170**

**സ്കൂൾ കോഡ് - 40452**

**വിദ്യാഭ്യാസ ഉപജില്ല - പുനലൂർ**

**വിദ്യാഭ്യാസ ജില്ല - പുനലൂർ**

5

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- കാഴ്ചപ്പാട്
- പൊതുലക്ഷ്യങ്ങൾ
- അക്കാദമിക് പ്രവർത്തനങ്ങൾ
- പ്രവർത്തന വിശദാംശം
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിട്ടറിംഗ്
- ഉപസംഹാരം


## അനുബന്ധം


1) മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)

[illegible]

വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന കമ്മിറ്റികൾ

# ആമുഖം

കേരളത്തിന്റെ വിദ്യാഭ്യാസമേഖല ഗൗരവതരമായ ചർച്ചകളാലും ഇടപെടലുകളാലും വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. ഇതിന്റെ പ്രധാന ചാലകശക്തിയാകേണ്ടത് പൊതുസമൂഹമാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ പങ്കാളിത്തം വിദ്യാലയവികസന പ്രവർത്തനങ്ങൾക്ക് നിർണായകമാണ്. ഇതിനായി സ്കൂൾ എസ്.എം.സി.എം.പി.റ്റി.എ. അദ്ധ്യാപകർ എന്നിവരുടെ സഹായത്തോടെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനു വേണ്ടി അടുത്ത അഞ്ചു വർഷത്തേക്കുള്ള ഭാവി പരിപാടിയുടെ രൂപരേഖ തയ്യാറാക്കലാണിത്. കാലാനുസൃതമായ മാറ്റങ്ങളുണ്ടാകാം.അക്കാദമിക ഭൗതികവികസന പ്രവർത്തനങ്ങൾ എയ്ഡഡ്, ഗവൺമെന്റ് വിവേചനമില്ലാതെ എല്ലാ കുട്ടികൾക്കും ലഭ്യമാക്കണമെന്ന അപേക്ഷയോടെ സ്കൂൾ വികസനപദ്ധതി [illegible] അംഗീകാരത്തിനായി സമർപ്പിക്കുന്നു.

# പ്രാദേശിക ചരിത്രം

പിറവന്തൂർ വാഴത്തോപ്പ് ഉൾനാടൻ സ്ഥലം തികച്ചും ഗ്രാമീണ അന്തരീക്ഷത്തിലാണ്. ഇത് പത്തനാപുരം താലൂക്കിൽ പിറവന്തൂർ പഞ്ചായത്തിൽ പിറവന്തൂർ വില്ലേജിൽ ചേകം വാർഡിൽ സ്ഥിതിചെയ്യുന്നു. പിറവന്തൂർ ശാസ്താം പടിക്കൽ അമ്പലം , ഓർത്തഡോക്സ് പള്ളി ഇവയെല്ലാം ഈ സ്ക്കൂളിന് ചുറ്റുമായി കാണപ്പെടുന്നു. തികച്ചും ഒരു ഗ്രാമീണ പ്രദേശമാണ് ശ്രീ നാരായണ ഗുരുദേവന്റെ പാദസ്പശമേറ്റ പുണ്യഭൂമിയിലാണ് ഈ സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്.

# അധ്യായം – 1

## വിദ്യാലയ ചരിത്രം

## പൊതുവിവരങ്ങൾ

## വസ്തു വിസ്തൃതി – 50 സെന്റ്

| | |
|---|---|
| കെട്ടിട വിസ്തൃതി | 3400Sq. Feet |
| മുറികൾ | 5 |
| സുരക്ഷിതമായത് | 5 |
| വൈദ്യുതി | ഉണ്ട് |
| ലാബ് | ഇല്ല |
| ലൈബ്രറി | നാമമാത്രം |
| കമ്പ്യൂട്ടർ ലാബ് | ഇല്ല |

# വിദ്യാലയ ചരിത്രം

1962 ജൂൺ മാസത്തിലാണ് ഈ സ്കൂൾ സ്ഥാപിതമായത്. സ്കൂൾ സ്ഥിതി ചെയ്യുന്ന പിറവന്തൂരിൽ എൽ.പി. സ്കൂളുകൾ മത്രമാണുണ്ടായിരുന്നത്. ഈ പ്രദേശത്ത് നിന്നും വളരെ ദൂരം യാത്ര ചെയ്താൽ മാത്രമേ തുടർ പഠനം സാധ്യമായിരുന്നുള്ളു. പലരുടെയും ഉപരിപഠനം ഇതു മൂലം മുടങ്ങിയിരുന്നു.

ഈ സാഹചര്യം നിലനിൽക്കെ ഈ പ്രദേശത്തെ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകനായിരുന്ന ശ്രീ. പി.കെ. മാധവന്റെ ശ്രമഫലമായിട്ടാണ് ഈ പ്രദേശത്ത് ഈ വിദ്യാലയം അനുവദിച്ചു കിട്ടിയത്. ശ്രീ. പി.കെ . മാധവനായിരുന്നു ആദ്യകാല മാനേജർ. ആദ്യകാലത്ത് 5, 6 ക്ലാസുകൾ ഒരുമിച്ചാണ് അനുവദിച്ചത്. ഇന്നിപ്പോൾ 5,6,7 ക്ലാസ്സുകളാണുള്ളത്. ആദ്യകാലത്ത് കുട്ടികൾ ധാരാളം ഉള്ള ഒരു സ്കൂളായിരുന്നു ഇത്. എന്നാൽ ഇപ്പോൾ കുട്ടികൾ കുറവാണ്.

## വിദ്യാലയ മികവുകൾ

പിറവന്തൂർ പ്രദേശത്തിന്റെ കെടാവിളക്കും തിലകക്കുറിയുമായി അനുദിനം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ് ശ്രീ നാരായണ യു.പി.സ്ക്കൂൾ.2024 വർഷത്തെ എടുത്തു പറയത്തക്ക നേട്ടങ്ങൾ ഇവിടെ കുറിക്കുന്നു.

ഗണിത ശാസ്ത്രമേളയിൽ ക്വിസ് മത്സരത്തിനും പഞ്ചായത്തു തലത്തിൽ നടന്ന മെട്രിക് മേള, ഇംഗ്ലീഷ് ഫെസ്റ്റ് എന്നിവയിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പങ്കെടുപ്പിക്കുകയും പ്രവർത്തന മികവ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുകയും ചെയ്തു.

ബോധവത്ക്കരണത്തിന്റെ ഭാഗമായി ലഹരി വിമുക്ത ക്ലാസ്, കൗമാര കൗൺസിലിംഗ് ക്ലാസ് എന്നിവ നടത്തുവാൻ സാധിച്ചു. വായനാ ശീലം വളർത്തുന്നതിന്റെ ഭാഗമായി എല്ലാ ദിവസവും ഉച്ചയ്ക്ക് അധ്യാപകരുടെ നേതൃത്വത്തിൽ വായനാക്കളരി നടത്തുന്നു. പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പി.ടി.എ, എസ്.എം.സി മുതലായവരുടെ സാന്നിധ്യം ഉറപ്പാക്കുന്നു. കുട്ടികളിൽ വായനയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് പത്രവായന, ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തുന്നു.

ലേഖനം , വായന, എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് കുട്ടികളിലെ സർഗ്ഗാത്മക കഴിവുകളെ വികസിപ്പിച്ചെടുക്കുന്നതിന് ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തികൊണ്ട് (പേര്) കൈഎഴുത്ത് മാസിക തയ്യാറാക്കി.

ഗണിതവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കുള്ള ഏകദിന ശില്പശാല , ഗണിത ഫീൽഡ് ട്രിപ്പ്, പ്രകൃതിയിലെ ഗണിതം, പതിപ്പ് തയ്യാറാക്കൽ , എന്റെ ഗണിതാനുഭവം , ഉൽപ്പന്നങ്ങളുടെ പ്രദർശനം , ഗണിതമേള എന്നിവ നടത്തി.

# വിദ്യാലയം ഭൗതീകാന്തരീക്ഷം– മാറ്റങ്ങൾ

1. സ്കൂളിന് ചുറ്റുമതിൽ കെട്ടി
2. എല്ലാ ക്ലാസ്സിലും ഫാൻ, ലൈറ്റ് എന്നിവ ക്രമീകരിച്ചു.
3. കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് പാത്രങ്ങൾ ക്രമീകരിച്ചു.
4. ആൺകുട്ടികൾക്കും. പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് സ്ഥപിച്ചു.
5. കുട്ടികൾക്ക് കുടിവെള്ളം സ്ഥാപിക്കാൻ കിണറ്റിൽ മോട്ടോർ സ്ഥപിച്ചു.
6. കുടിവെള്ളത്തിനു വേണ്ടിയുള്ള പൈപ്പുകൾ സ്ഥപിച്ചു.
7. കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു
8. സ്കൂൾ ഉച്ചഭക്ഷ പരിപാടിയുടെ നിലവാരം വർദ്ധിപ്പിച്ചു.
9. സ്ക്കൂളിൽ മൈക്ക് സെറ്റ് സ്ഥാപിച്ചു.
10. സ്ക്കൂൾ യൂണിഫോം ആകർഷകമാക്കി
11. ഐ.ഡി കാർഡ് വിതരണം നടത്തി.

# ഭൗതികം-പരിമിതികൾ

**ആവശ്യമുള്ളത്**

ലൈബ്രറി റൂം, ലാബോറട്ടറി, ഉച്ചഭക്ഷണ വിതരണത്തിനുള്ള പാത്രങ്ങൾ, ക്ലാസ്സ് ഉപകരണങ്ങൾ, മാലിന്യസംസ്കരണ പ്ലാന്റ്, ആധുനിക സൗകര്യങ്ങളുള്ള പാചകപ്പുര (Kitchen with Store), സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടർ ലാബ്, സ്റ്റാഫ് റൂം. ചുറ്റുമതിൽ പൂർണ്ണമല്ല, കവാടമില്ല, ആകർഷകമായ ചുറ്റുമതിൽ, ആകർഷകമായ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക്, വിശാലമായ രീതിയിൽ കളിസ്ഥലം, വാഹന സൗകര്യം, തണൽ മരങ്ങൾക്ക് ചുറ്റും മതിൽ കെട്ടി റീഡിങ് കോർണർ നിർമ്മിക്കണം. ലാപ്ടോപ്പുകൾ.

## പദ്ധതി രൂപീകരണ പ്രക്രീയ-വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ - എസ്.എൻ.യു.പി. സ്കൂൾ വിഷൻ-100 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

3. കരട് രൂപരേഖ S R G, S M C, P T A, M P T A രാഷ്ട്രീയ സംഘടന പ്രതിനിധികൾ, തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ

4. ശിൽപശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5. പി ടി എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

# ലക്ഷ്യങ്ങൾ

- മതനിരപേക്ഷതയോട് ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യ വിദ്യാഭ്യാസം സമസ്ത ജനവിഭാഗ ങ്ങൾക്കും ഉറപ്പു വരുത്തുക

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

- അഞ്ചാം ക്ലാസ്സുമുതൽ ഏഴാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാന ത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ

- അദ്ധ്യാപനവും, അദ്ധ്യായനവും സർഗാത്മകവും രസകരവുമാക്കുന്ന തിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടു ത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. -മോചനമരുളുന്നതെന്താണോ അതാണ് വിദ്യാഭ്യാസം- എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെ സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്താനുള്ള സാഹചര്യം ഒരുക്കൽ

4. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

5. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലിക വാസികളാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

# കുട്ടികളുടെ പഠനനിലവാരം

1. പൂർവ്വ വിദ്യാർത്ഥികൾ ഉന്നത സ്ഥാനം അലങ്കരിക്കുന്നു.
2. ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തർ
3. അസംബ്ലിയിൽ പത്രവായന നടത്തുന്നു.
4. ക്ലാസ്സ് പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം
5. കടങ്കഥ, പഴഞ്ചൊൽ, ശൈലികൾ എന്നിവ അസംബ്ലിയിൽ
6. ഇംഗ്ലീഷ് , മലയാളം, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ ഭാഷാ അധ്യാപകരുടെ നേതൃത്വത്തിൽ അസംബ്ലി നടത്തുന്നു.
7. ദിനാചരണവുമായി ബന്ധപ്പെട്ട് വിഷയങ്ങളിൽ പ്രസംഗം നടത്തുന്നു.
8. പാഠഭാഗവുമായി ബന്ധപ്പെട്ട് നാടകം, മൈം, റോൾ പ്ലേ എന്നിവ നടത്തുന്നു.
9. വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു.

# 2024–25 മുതലുള്ള വർഷങ്ങളിൽ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ

## പ്രവർത്തനം – 1

## ഭാഷാപോഷിണി പരിപാടി

ഉദ്ദേശ്യം - 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ ഭാഷാവിഷയങ്ങളിൽ വായന, ലേഖനം എന്നീ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക സഹായം നൽകി മുന്നോട്ടു നയിക്കുന്നതിന്.

<u>പ്രവർത്തന ക്രമം</u>

അനുയോജ്യമായ തന്ത്രങ്ങൾ ഉപയോഗിച്ച് സഹായം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തൽ.

എസ്. ആർ. ജി. യിൽ പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

1. ആഴ്ചയിൽ 3 ദിവസം അധ്യാപകരുടെ മേൽനോട്ടത്തിൽ പ്രത്യേക പഠനാനുഭവങ്ങൾ നൽകൽ. (9 മണിമുതൽ തിങ്കൾ, ബുധൻ, വെള്ളി)
2. ഓരോ മാസത്തേയും എസ്.ആർ.ജി യിൽ വിലയിരുത്തലും പുനരാസൂത്രണവും നടത്തുന്നു.
3. ക്ലാസ്സ്, പി.ടി.എ കൾ വിലയിരുത്തൽ പങ്കുവയ്ക്കുന്നു.

<u>പ്രവർത്തന കാലയളവ്</u>

ജൂൺ 10 മുതൽ 3 ടേം പരീക്ഷവരെ.

<u>പഠനോപകരണങ്ങൾ</u>

ചാർട്ട് പേപ്പർ, മാർക്കർ, ബാലമാസിക, പത്രം, പുസ്തകങ്ങൾ

<u>ചുമതല</u>

<u>ഭാഷാധ്യാപകർ,</u>

<u>മോണിറ്ററിംഗ്– ഹെഡ്മിസ്ട്രസ്</u>

മാസത്തിലൊരിക്കൽ മോണിറ്ററിംഗ് നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

# പ്രവർത്തനം – 2

## പ്രകൃതി നമ്മുടെ മിത്രം

ഉദ്ദേശ്യം – പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത കുട്ടികൾക്ക് ബോധ്യപ്പെടുത്തി കൊടുക്കുന്നതിനും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ കുട്ടികളേയും സമൂഹത്തേയും പങ്കാളികളാക്കുന്നതിനും.

<u>പ്രവർത്തന ക്രമം</u>

1. S.R.G യോഗത്തിൽ ചർച്ച, പ്രവർത്തന രൂപരേഖ തയ്യാറാക്കൽ .
2. പരിസ്ഥിതി ക്ലബ്ബ് രൂപീകരിക്കൽ, ഭാരവാഹികളെ കണ്ടെത്തൽ
3. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പോസ്റ്റർ, പ്ലക്കാർഡ് നിർമ്മാണം.
4. ലോക പരിസ്ഥിതി ദിനത്തിൽ സ്കൂൾ കോമ്പൗണ്ടിൽ വൃക്ഷത്തൈ ശേഖരിച്ചു നടൽ
5. സ്കൂളിൽ പ്രത്യേക അസംബ്ലി സംഘടിപ്പിക്കൽ
6. സ്കൂളിലും കുട്ടികളുടെ വീടുകളിലും പരിസരപ്രദേശങ്ങളിലുമുള്ള പ്ലാസ്റ്റിക് മുതലായവ ശേഖരിച്ച് ബന്ധപ്പെട്ട സംഘടനകൾക്ക് കൈമാറുന്നു.
7. പദ്ധതി വിലയിരുത്തൽ

ചുമതല : – സയൻസ് അദ്ധ്യാപിക

മോണിറ്ററിംഗ് - ഹെഡ്മിസ്ട്രസ്, പരിസ്ഥിതി ക്ലബ്ബിന്റെ ചുമതലയുള്ള അദ്ധ്യാപകർ എന്നിവർ ചേർന്ന് വിലയിരുത്തലുകൾ നടത്തി നിർദ്ദേശങ്ങൾ നൽകുന്നു

# പ്രവർത്തനം – 3

## അടുക്കളത്തോട്ടവും ഭക്ഷ്യസുരക്ഷയും

ഉദ്ദേശ്യം :- കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുക, വീട്ടാവശ്യത്തിനുള്ള പച്ചക്കറി, അടുക്കളത്തോട്ടം, വഴി ഉത്പാദിപ്പിക്കുക, ജൈവ കീടനാകിനിയുടേയും ജൈവ വളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. സംയോജിത കൃഷിയുടെ പ്രയോജനം ബോധ്യപ്പെടുത്തുക.

പ്രവർത്തന ക്രമം

ഇക്കോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഒരു പ്രവർത്തനമാണിത്. ഇക്കോ - ക്ലബ്ബിലെ അംഗങ്ങളെ 10 പേരെ തിരഞ്ഞെടുത്ത് നിശ്ചിത വീടുകൾ സന്ദർശിച്ച് കൃഷിയുമായി ബന്ധപ്പെട്ട ചോദ്യാവലി തയ്യാറാക്കി പഠനത്തിനു വിധേയമാക്കി പുറത്തു നിന്നു വാങ്ങുന്ന ഭക്ഷ്യവസ്തുക്കളുടെ ദോഷത്തെകുറിച്ചും അവയുടെ ഉപയോഗം മൂലമുണ്ടാകുന്ന രോഗസാധ്യതകളെകുറിച്ചും വ്യക്തമായ ധാരണ നൽകി സ്വന്തമായി വീടുകളിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. സ്കൂൾ പരിസരത്ത് വാഴയും പച്ചക്കറികളും കൃഷി ചെയ്ത് നിരീക്ഷിച്ച് രേഖപ്പെടുത്തുന്നു. ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു. കൂടാതെ കൃഷിഭവന്റെ സഹകരണത്തോടെ ലഭിച്ച വിത്തുകൾ എല്ലാ കുട്ടികൾക്കും നൽകി അവരവരുടെ വീട്ടിലും ഇത് പ്രാവർത്തികമാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നു.

# പ്രവർത്തനം – 4

## ഗണിതപരിപോഷണം

ഗണിതപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ പ്രത്യേക പരിശീലനം നൽകി വരുന്നു.

എല്ലാ കുട്ടികൾക്കും വേണ്ടി ഒഴിവുസമയങ്ങൾ പ്രയോജനപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ രസകരമായി അവതരിപ്പിച്ച് കുട്ടികളിൽ ഗണിത രൂപങ്ങൾ നിർമ്മിക്കാനും പരിശീലനം നൽകുന്നു.

ഗണിത ക്വിസ് മൽസരങ്ങൾ നടത്തുകയും കുസൃതി കണക്കുകൾ അവതരിപ്പിക്കുകയും ചെയ്യുന്നതിന് ഗണിതാഭിരുചി വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു.

സഹായ ഹസ്തം എന്ന പേരിൽ രക്ഷിതാക്കൾക്ക് ഒരു ഏകദിന ശിൽപശാല നടത്തി യു.പി.ക്ലാസ്സിലെ കുട്ടികൾക്കായി തൊഴിലിടങ്ങളിലെ ഗണിത വിവര ശേഖരണ പ്രൊജക്ട് നടത്താനായി കെട്ടിടം പണി നടക്കുന്ന സ്ഥലത്ത് കുട്ടികളെ കൊണ്ടുപോയി തടിപ്പണി , ആശാരിപ്പണി, മേസ്തിരി പ്പണി ഇവ അതാത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുമായി ചോദിച്ച് മനസ്സിലാക്കുവാൻ അവസരം ഉണ്ടായി.

ഗണിത ഫീൽഡ് ട്രിപ്പ് നടത്തി. പ്രകൃതിയെ ഗണിതം പല രീതിയിൽ മനസ്സിലാക്കി . ഗണിതാനുഭവകുറിപ്പുകൾ പതിപ്പ് തയ്യാറാക്കി. (അദ്ധ്യയന വർഷത്തെ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ നിന്ന് ഉണ്ടാക്കിയ ഉൽപ്പന്നങ്ങൾ ക്രോഡീകരിച്ച് ഗണിത മേള നടത്തി)

# പ്രവർത്തനം– 5

## ഭാഷാപുസ്തകം – ക്ലാസ് 5

ഉദ്ദേശ്യം : – ലേഖനം, വായന എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് കുട്ടികളിലെ സർഗ്ഗാത്മക കഴിവുകളെ വികസിപ്പിച്ചെടുക്കുന്നതിന്.

പ്രവർത്തന ക്രമം: –

ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തികൊണ്ട് പ്രവർത്തനം ചെയ്യുന്നു.

1. പി.റ്റി.എ. എക്സിക്യൂട്ടിവിൽ അവതരിപ്പിക്കുന്നു.
2. ക്ലാസ്സ് പി.ടി. എയിൽ പ്രവർത്തനവിശകലനം നടത്തുന്നു.
3. കേരളാ പാഠാവലി 2-ാം ഭാഗത്തിന്റെ പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ച് അനുയോജ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു.
4. ഓരോ പ്രവർത്തനത്തിന്റെയും അവസാനം രക്ഷാകർത്താക്കളെ ഉൾപ്പെടുത്തികൊണ്ട് വിലയിരുത്തലുകൾ നടത്തുന്നു.
5. ഓരോ മാസത്തെയും എസ്. ആർ. ജി. യിൽ വിലയിരുത്തലും പുനരാസൂത്രണവും നടത്തുന്നു.

# പ്രവർത്തനം - 6

## ഇംഗ്ലീഷ് ഫെസ്റ്റ്

ഉദ്ദേശ്യം : - 5 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപഠനമികവുകൾ പ്രകടിപ്പിക്കുന്നതിനും കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം പൊതു സമൂഹത്തെ അതിശ യിപ്പിക്കുന്നതിനും.

പ്രവർത്തനക്രമം.

1. ജൂൺ മുതൽ പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ നൽകുന്നു.
2. എസ്. ആർ. ജി. യിൽ പ്രവർത്തന മികവുകൾ വിലയിരുത്തുന്നു.
3. ക്ലാസ്സ് പി.ടി.എ. കളിൽ അവതരിപ്പിക്കുന്നു.
4. പി.ടി. എ. എക്സിക്യൂട്ടീവിൽ അവതരിപ്പിക്കുന്നു.
5. സ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്താൻ തീരുമാനിക്കുന്നു.

പ്രവർത്തന കാലയളവ് - ജൂൺ മുതൽ ജനുവരി വരെ.

# കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുവാൻ അധ്യാപകരുടെ പങ്ക്

വിദ്യാഭ്യാസരംഗം, കലാ സാഹിത്യ വേദി, കലോൽസവങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. കുട്ടികൾ എ, ബി എന്നീ ഗ്രേഡുകൾ കൈവരിക്കുന്നു.

# അധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ

1. പരിശീലനത്തിന്റെ മികവ് ലഭിക്കുന്നില്ല
2. ഐ.ടി മേഖലകളിൽ അധ്യാപകരുടെ പരിജ്ഞാന കുറവ്
3. ഐ.ടി ക്ലാസ്സ് മുറിയിൽ പ്രയോഗിക്കുവാനുള്ള ബുദ്ധിമുട്ട്.
4. പി.യടി.എ യിൽ രക്ഷിതാക്കളുടെ അഭാവം
5. രക്ഷിതാക്കളുടെ പരിജ്ഞാനകുറവ്
6. രക്ഷിതാക്കളോടൊപ്പം താമസിക്കാത്ത കുട്ടികൾ
7. കുട്ടികളുടെ കുടുംബ പശ്ചാത്തലം
8. കുട്ടികളുടെ ഹാജർ നിലയിൽ വരുന്ന കുറവ്

# വിദ്യാലയം പൊതു വിശകലനം

അൺ എയ്ഡഡ് സ്കൂളുകളുടെ വർദ്ധനവ്

മലയോര പ്രദേശത്തിന്റെ പ്രത്യേകത

സ്കൂളിലേക്കുള്ള യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത

എന്നിവ സ്കൂളിൽ കുട്ടികൾ കുറയുന്നതിന് കാരണമാകുന്നു.

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതി നുള്ള അനുബന്ധ സംവിധാനങ്ങൾ

1. എസ്. ആർ. ജി
2. പി. ടി. എ
3. എം.പി.ടി.എ
4. ക്ലാസ്സ് പി.ടി.എ
5. സ്കൂൾ വികസന സമിതി
6. സ്കൂൾ ജാഗ്രതാ സമിതി
7. പഞ്ചായത്തിലെ ജനപ്രതിനിധികളുടെ പങ്കാളിത്തം
8. ക്ലബ്ബ് പ്രവർത്തനങ്ങൾ
9. സ്ഥാപനങ്ങൾ
10. പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം
11. സന്നദ്ധ സംഘടനകൾ
12. ഇംഗ്ലീഷ്-ക്ലാസ്സ് ലൈബ്രറി, വായനാ സാമഗ്രികൾ, ലഘു വായനാ പുസ്തകം, പത്രം
13. പ്ലാസ്റ്റിക് രഹിത വിദ്യാലയം
14. സഞ്ചാര സൗകര്യം
15. സാമൂഹിക പങ്കാളിത്തം
16. സാമൂഹിക പങ്കാളിത്തം കൊണ്ട് സന്തുഷ്ടമായ വിദ്യാലയം.
    ഓണാഘോഷം, വാർഷികാഘോഷം എന്നിവ പി.ടി.എ യുടെ സഹായ ത്താൽ നടത്തപ്പെടുന്നു.

# സ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കൾ
2. ശാസ്ത്ര-സാങ്കേതിക പഠനം നടത്താനാവശ്യമായ സാമ്യൂകളുടെ അഭാവം
3. ലൈബ്രറി, പുസ്തകങ്ങൾ എന്നിവയുടെ അഭാവം
4. സ്കൂൾ ബസിന്റെ അഭാവം
5. ഉച്ചഭക്ഷണം പാകം ചെയ്യാനും ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ച് വയ്ക്കുവാനുമുള്ള റൂമുകളുടെ അഭാവം
6. കലാ-കായിക അദ്ധ്യാപകന്റെ അഭാവം
7. കംപ്യൂട്ടർ ലാബ്, ലാപ്ടോപ്പ് എന്നിവയുടെ അഭാവം
8. പാചകപ്പുര ആധുനിക വത്കരിക്കുക
9. കളിസ്ഥലം നിർമ്മിച്ച് നൽകുക
10. സ്കൂൾ, ചുറ്റുമതിൽ എന്നിവ ആകർഷകമായി പെയിന്റടിച്ച് നൽകുക
11. സ്കൂൾ ഉദ്യാനത്തിനാവശ്യമായ സൗകര്യങ്ങൾ നൽകുക
12. മുറ്റം, തറ, പടികൾ എന്നിവ വൈവിധ്യപൂർണ്ണമായ ടൈൽസ് പാകി മനോഹരമാക്കുന്നത് പരിഗണിക്കണം

## സ്കൂളിന്റെ പുരോഗതിക്ക് വേണ്ടി സ്റ്റാഫും, പി.ടി.എയും കൂടിയാലോചിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

- ➢ പഠന പ്രവർത്തനം
- ➢ പാഠ്യേതര പദ്ധതി
- ➢ പച്ചക്കറി തോട്ടം
- ➢ ഗൃഹസന്ദർശനങ്ങൾ
- ➢ കംപ്യൂട്ടർ ക്രമീകരണം
- ➢ യൂണിറ്റ് പരീക്ഷ
- ➢ പത്രവായന

# വിദ്യാലയ വികസന പ്രവർത്തനങ്ങൾ

മേഖല I:- ഭൗതിക സാഹചര്യം

1. ഭൗതികാന്തരീക്ഷം സുരക്ഷിതവും സുന്ദരവുമാക്കണം
2. വിദ്യാലയവും പരിസരവും ശുചിത്വപൂർണമാക്കണം
3. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, പെൺ കുട്ടികൾ എന്നിവർക്ക് അനുയോജ്യമായ സാഹചര്യം ഉണ്ടാക്കണം.
4. പ്രകൃതിക്കിണങ്ങുന്ന സാങ്കേതിക വിദ്യയായിരിക്കണം പ്രയോജനപ്പെടുത്തേണ്ടത്.
5. ഫലപ്രദമായ സ്ഥല വിന്യാസത്തിന് ശ്രദ്ധിക്കണം.

## II. ഹരിത പരിസരം

1. ജാവവൈവിധ്യ പാർക്ക് (സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണ പരീക്ഷണങ്ങൾക്കാവശ്യമായി പാഠ്യപദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യങ്ങളും സ്കൂൾ കോമ്പൗണ്ടിൽ)
2. ഔഷധോദ്യാനം

   ഔഷധ സസ്യങ്ങൾ നട്ടുവളർത്തി കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിപാലിക്കുന്നു.
3. ചെറിയ കുളം (ജലജീവികൾ, ജലസസ്യങ്ങൾ)
4. പ്രകൃതി ദത്തമായ കാറ്റും വെലിച്ചവും ഓരോ മുറിയിലും ലഭിക്കുന്നതിനുള്ള ക്രമീകരണം
5. ഹരിത പാതകൾ, പച്ചപ്പന്തലുകൾ
6. ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു സ്സ്യമെങ്കിലും സ്കൂളിൽ
7. വിഷരഹിത പച്ചക്കറി കൃഷി വീട്ടിലും വിദ്യാലയത്തിലും- ജൈവകൃഷിയിടം
8. പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഹൈങ്ങിംഗ് ഗാർഡൻ
9. പ്ലാസ്റ്റിക് രഹിത വിദ്യാലയം

## III. സുന്ദര ശുചിത്വ പരിസരം

1. പൂന്തോട്ടം
2. ശലഭോദ്യാനം
3. ചുറ്റുമതിൽ
4. ആകർഷകമായ ഗേറ്റ് വേണം
5. റോഡിൽ നിന്ന് മലിനജലം അകത്തേക്ക് എത്താത്ത സംരക്ഷണം
6. മഴക്കാല പ്രശ്നങ്ങള (വെള്ളക്കെട്ട്) പരിഹരിക്കാനുള്ള ക്രമീകരണം
7. വിശ്രമ പഠന മരത്തണലുകൾ
8. മാലിന്യ ശേഖരണ സംസ്കരണ സംവിധാനം.

## IV. സുരക്ഷിത പരിസരം

1. അഗ്നി സുരക്ഷാ സംവിധാനങ്ങൾ
2. ശുചീകരണോപകരണങ്ങൾ സൂക്ഷിക്കനുള്ള ഇടം
3. ടോയ്‌ലറ്റ് (ആനുപാതിക എണ്ണം, ഗേൾസ് ഫ്രണ്ട്‌ലി)

## V. <u>അനുരൂപീകരിക്കപ്പെട്ട ഭൗതിക സാഹചര്യം</u>

1. അനുരൂപീകരണ ഭൗതിക സംവിധാനം (ശാരീരിക വെല്ലുവിളിയുള്ള വരെ പരിഗണിക്കാത്ത ഒരിടവും പാടില്ല. എല്ലാ മുറികളിലും ടോയ്‌ല റ്റിലും വീൽചെയർ എത്താൻ തടസ്സം പാടില്ല, കൈവരികൾ നിർമ്മിക്ക ണം.
2. അഡാപ്റ്റഡ് ടോയ്‌ലറ്റ്, ഇരിപ്പിടങ്ങൾ, വാഷ് വെയ്സനുകൾ, ബോർഡുകൾ

## VI. ജല സംരക്ഷണ വിതരണ സംവിധാനങ്ങൾ

1. മഴവെള്ള സംഭരണി
2. എല്ലാ ക്ലാസ്സ് മുറികളിലും കുടിവെള്ള ലഭ്യത
3. ചൂടുവെള്ള വിതരണത്തിനുള്ള ക്രമീകരണം

## VII. പോഷകാഹാര വിതരണം-ഊട്ടുപുര

1. കാറ്റും വെളിച്ചവും തടക്കുന്ന വ്യത്തിയുള്ള അടുക്കള
2. ബയോഗ്യാസ് പ്ലാന്റ്
3. മിക്സി,. കുക്കർ, പൈപ്പ് കണക്ഷനുകൾ തുടങ്ങിയ സൗകര്യങ്ങൾ
4. പാചക വൃത്തി പരിശീലനം സിദ്ധിച്ച പാചക തൊഴിലാളികൾ മേൽക്കുപ്പായവും തൊപ്പിയും മറ്റ് ശുചിത്വ സാമഗ്രികളും.
5. കുട്ടകിൾക്ക് ഓരേസമയം ഭക്ഷണം കഴിക്കാനുള്ള വൃത്തിയും ആകർഷകവുമായ സൗകര്യം
6. ഗ്ലാസ്സുകളും പ്ലേയ്റ്റുകളും എന്നും തിളപ്പിച്ച വെള്ളത്തിൽ കഴുകുന്നതിനുള്ള സംവിധാനം
7. എല്ലാ കുട്ടികൾക്കും തിളപ്പിച്ച വെള്ളം നൽകുവാനുള്ള സംവിധാനം
8. പ്രസിദ്ധീകരിച്ച മെനു
9. ആധുനിക സൗകര്യങ്ങളുള്ള സ്റ്റോർ മുറി

# ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ്സ് മുറികൾ

1. പഠനത്തെ സംബന്ധിച്ച വിദ്യാലയത്തിന്റെ കാഴ്ച്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നതാകണം ക്ലാസ്സ് റൂം രൂപകല്പന
2. ക്ലാസ്സ് മുറികളിലെ ഉപകരണങ്ങൾ പ്രവർത്തനാധിഷ്ഠിത പഠനത്തിന് അനുയോജ്യമായിരിക്കണം.
3. മൾട്ടി മീഡിയ സൗകര്യം എല്ലാ ക്ലാസ്സ് റൂമുകളിലും
4. ആരും പിന്നിലല്ല എന്ന സമീപനത്തെ വിളംബരം ചെയ്യുന്നതാകണം ക്ലാസ്സ് റൂം ലേ ഔട്ട്.
5. കുട്ടികളുടെ പഠനോല്പന്നങ്ങൾ, അധ്യാപകരുടെ പഠനോപകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള ബുള്ളറ്റിൻ ബോർഡുകൾ, കുട്ടികളുടെ ഉയരം പരിഗണിച്ചുള്ള ക്ലാസ്സ് ഷെൽഫുകൾ, കബോർഡുകൾ
6. ചിലന്തിവലയില്ലാത്തതും വെളിച്ചം പ്രതിഫലിപ്പിക്കുന്നതും ചോരാത്തതുമായ മേൽക്കൂര
7. ഓരോ ക്ലാസ്സ് മുറിയുടെയും പുറത്ത് ക്ലാസ്സ് മികവുകൾ, കുട്ടികളുടെ ഉൽപ്പന്നങ്ങൾ, അിറയിപ്പുകൾ, സർഗ്ഗാത്മക സൃഷ്ടികൾ എന്നിവ പ്രദർശിപ്പിക്കുവാനുള്ള ബുള്ളറ്റിൻ ബോർഡുകൾ
8. പ്രധാന അദ്ധ്യാപകന്റെയും അധ്യാപകരുടെയും പി.ടി.എ, എസ്.എം.സി ഭാരവാഹികളുടെയും ഫോട്ടോയും ഫോൺ നമ്പരും പ്രദർശിപ്പിക്കൽ
9. സ്മാർട്ട് ക്ലാസ്സ് റൂം
10. ക്ലാസ്സുകളിൽ പഠന നേട്ടങ്ങളും, പ്രദർശന ചാർട്ട്

# സാമൂഹിക പങ്കാളിത്തം

1. സാമൂഹിക പങ്കാളിത്തം കൊണ്ട് സന്തുഷ്ടമായ വിദ്യാലയം

2. ഓണആഘോഷം, വാർഷികാഘോഷം എന്നിവ പി ടി എ യുടെ സഹായത്തോടെയും, ജനപങ്കാളിത്തത്തോടെയും നടത്തുന്നു.

3. ഗാന്ധിജയന്തി പി ടി എ യുടെ ആഭിമുഖ്യത്തിൽ നടത്തി. സ്കൂളിന് സമീപമുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു. ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ബാഗുകൾ, ബോക്സുകൾ, ബുക്കുകൾ എന്നിവ വിതരണം ചെയ്തു.

4. ശ്രീ നാരായണ ധർമ്മ പരിപാലന ട്രസ്റ്റിന്റെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

5. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പി ടി എ, എം പി ടി എ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ നടത്തി.

# വിദ്യാലയത്തിന്റെ ശക്തി

**ശക്തി**

- അർപ്പണ മനോഭാവതതോട് കൂടി പ്രവർത്തിക്കുന്ന വിദ്യാലയ വികസന സമിതി അംഗങ്ങൾ

- കുട്ടികളുടെ പഠന കാര്യങ്ങളിൽ താല്പര്യമുള്ള അധ്യാപക രക്ഷകർതൃ സമൂഹം (പി ടി എ)

- ആത്മാർത്ഥതയും അർപ്പണമനോഭാവവുമുള്ള അദ്ധ്യാപകർ

- പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും താല്പര്യമുള്ള കുട്ടികൾ

# പരിമിതികൾ

- പരിസരത്തുള്ള അൺ-എയ്ഡഡ് സ്കൂളുകൾ
- അദ്ധ്യാപകർക്ക് മറ്റ് ജോലികളിൽ ഏർപ്പെടേണ്ടി വരുന്നതിനാൽ മുഴു വൻസമയം കുട്ടികളോ ടൊപ്പം ചെലവഴിക്കാൻ പറ്റാത്ത അവസ്ഥ
- വിവരസാങ്കേതികവിദ്യ ക്ലാസ്സ് മുറിയിൽ ഫലപ്രദമായി പ്രയോഗിക്കുന്ന തിന് കഴിയാത്ത അവസ്ഥ
- പ്രീ പ്രൈമറി സൗജന്യമല്ലാത്തത്
- ഹെഡ്മാസ്റ്ററുടെ ക്ലാസ്സ് ചാർജ്ജ്
- സ്റ്റാഫ് റൂം, കമ്പ്യൂട്ടർ റൂം, ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം എന്നീ ആധുനിക സൗകര്യങ്ങളോടു കൂടിയ സ്കൂൾ അല്ലാത്തത്.
- ഐ ടി സാമഗ്രികളുടെ അഭാവം
- കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയുടെ അഭാവം.

## അദ്ധ്യായം 2

# വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ (മൂന്ന് വർഷത്തേക്ക്)

മുൻവർഷങ്ങളിലെ പ്രവർത്തനങ്ങൾക്കൊപ്പം ഓരോമേഖലയിലും (അക്കാദമികം, ഭൗതികം, സാമൂഹികം) പുതിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെ മൂന്ന് വർഷം കൊണ്ട് കുട്ടികളുടെ എണ്ണം എഴുപത്തിയഞ്ചിലെത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

## അക്കാദമികം

- മെച്ചപ്പെട്ട ക്ലാസ്സുകൾ
- സെമിനാർ ശിൽപശാല
- ഇംഗ്ലീഷ് അസംബ്ലി
- സ്കോളർഷിപ്പ് പരീക്ഷകൾ
- സ്കൂൾ തലത്തിൽ കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം
- കലാ കായിക പഠനത്തിൽ പ്രത്യേക പരിശീലനം
- പഠന പോഷണ പരിപാടി

## ഭൗതിക സാഹചര്യം

- സ്റ്റാഫ് റൂം
- ഓഡിറ്റോറിയം
- കുട്ടികൾക്ക് സ്കൂളിലെത്താൻ വാഹനസൗകര്യം ഏർപ്പെടുത്തുക
- മാലിന്യ സംസ്കരണ സംവിധാനം
- ഹരിത വിദ്യാലയം
- പച്ചക്കറിത്തോട്ടം

# സാമൂഹിക പങ്കാളിത്തം

- ഗൃഹ സന്ദർശനം
- കൗൺസിലിംഗ്
- കോർണർ പി ടി എ
- ആഘോഷങ്ങൾ ജനകീയമാക്കൽ
- സഹപാഠിക്കൊരു കൈത്താങ്ങ്
- പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമങ്ങൾ
- സമീപ വാർഡുകളിലെ മെമ്പർമാരുമായി ബന്ധപ്പെട്ട് കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് എത്തിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നു.
- അഭ്യുദയകാംക്ഷികളായ വ്യക്തികളുമായി ചേർന്ന് സ്കൂളിന് ആവശ്യമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നു.
- പൂർവ്വ അദ്ധ്യാപകരെ കൊണ്ട് ക്ലാസ്സുകൾ നടത്തുന്നു.
- കലാ കായിക പ്രവൃത്തി പരിചയ ക്ലാസ്സുകൾ പരിചയ സമ്പന്നരായ ആളുകളെക്കൊണ്ട് നടത്തുന്നു.

# മാതൃകാപദ്ധതി

**വിലയിരുത്തൽ**

- പഠനപ്രവർത്തനങ്ങളോടൊപ്പം നടത്തുന്ന പ്രക്രിയയാണ് വിലയിരുത്തൽ

- പഠിതാവിന്റെ വിഷയബന്ധിതമായ പഠനത്തിലെ മികവ്, കലാ-കായിക പ്രവൃത്തി പരി ചയ മേഖലയിലെ കുട്ടികളുടെ മികവ് എന്നിവ നിരന്തരം വിലയിരുത്തുകയും തുടർ പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതുണ്ട്.

**ഉദ്ദേശ്യങ്ങൾ**

- ഓരോ ക്ലാസ്സിലും വിവിധ ലക്ഷ്യമിട്ടിരിക്കുന്ന പ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കു ന്നുണ്ടോ എന്നറിയുന്നതിന്.

- പ്രത്യേക ശ്രദ്ധയും പരിഗണനയുമുള്ള കുട്ടികൾക്കുള്ള പ്രവർത്തന പരിപാടികൾ രൂപീകരിക്കുന്നതിന്

- സബ്ജക്ട് കൗൺസിൽ, എസ് ആർ ജി എന്നിവ കാര്യക്ഷമമാക്കുന്നതിന്, തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന്.

## പ്രവർത്തനങ്ങൾ

- പഠനത്തോടൊപ്പം തന്നെ നിരന്തര വിലയിരുത്തൽ നടത്തി സാധ്യതകളും പ്രശ്നങ്ങളും അതാത് ക്ലാസ്സിൽ പഠിപ്പിക്കുന്ന അധ്യാപകർ അവതരിപ്പിക്കുന്നു. ചർച്ച നടത്തി ആവശ്യമായ ക്രമീകരണങ്ങൾ നൽകുന്നു.

- ഓരോ യൂണിറ്റിലെയും മെച്ചപ്പെട്ട രചനകൾ ഫോർട്ട് പോളിയോയിൽ സൂക്ഷിക്കുന്നു. ക്ലാസ്സ് പി ടി എ യിൽ അവതരിപ്പിക്കുന്നു.

- ഓരോ യൂണിറ്റ് തീരുമ്പോഴും പ്രധാന അധ്യാപകന്റെ മേൽനോട്ടത്തിൽ യൂണിറ്റ് ടെസ്റ്റ് ക്രമീകരിക്കുന്നു.

- ഭാഷാ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.

- യൂണിറ്റ് ടെസ്റ്റിന്റെ ബുക്ക് എല്ലാ മാസവും ക്ലാസ്സ് പി ടി എ യിൽ നൽകി വിലയിരുത്തുന്നു.

- യൂണിറ്റ് ടെസ്റ്റ് ഫലം ക്രമീകരിക്കുന്നതിനു വേണ്ടി

# കമ്പ്യൂട്ടർ ലാബ് നവീകരിക്കൽ

വിഷയാധിഷ്ഠിതമായ പഠനത്തിൽ ഐ റ്റി സാധ്യതകൾ ഉൾപ്പെടുത്തുന്നതിലൂടെ പഠനപ്രക്രിയകൾ കൂടുതൽ ഫലപ്രദവും, സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ താല്പര്യജനകവുമായി വിനിമയം ചെയ്യുന്നതിന് ഐ റ്റി അധിഷ്ഠിത പഠനപ്രക്രിയ സഹായകരമാകും.

**ഉദ്ദേശ്യങ്ങൾ**

- എല്ലാ കുട്ടികളുടെയും കമ്പ്യൂട്ടർ പഠനത്തിന് സജ്ജരാക്കുക
- ദൈനംദിന ക്ലാസ്സ് റൂം പ്രക്രിയയിൽ ഐ റ്റി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക

**പ്രവർത്തനങ്ങൾ**

- എല്ലാ ക്ലാസ്സിലും കമ്പ്യൂട്ടർ ക്രമീകരിക്കുന്നു.
- കമ്പ്യൂട്ടർ ലാബ് നവീകരിക്കുന്നു.

  "എന്റെ കുട്ടി" എന്ന പേരിൽ പ്രത്യേക ഫോർമാറ്റ് ഓരോ ടേമിലും മൂല്യനിർണ്ണയം നടത്തി സൂചകങ്ങൾ നടത്തി സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരപ്പേപ്പറുകൾ വിശകലനം ചെയ്യുന്നു.
- ഓരോ വിലയിരുത്തലിന ശേഷം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പുതിയ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠനശേഷി ഉറപ്പു വരുത്തുവാൻ പഠനപ്രവർത്തനം
- അനുരൂപീകരണം നടപ്പിലാക്കൽ
- വ്യക്തി അധിഷ്ഠിത പഠനം ഉറപ്പാക്കൽ

# ഉച്ചഭക്ഷണ പരിപാടി

സ്കൂൾ ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുന്ന എസ് ആർ സി യിലും പി ടി എ യിലും ചർച്ച. നാടൻ ഭക്ഷണങ്ങളും ഗുണമേന്മയുള്ളതുമായ ഭക്ഷണങ്ങൾക്ക് അധ്യാപകരെ ചുമതലപ്പെടുത്തി.

**ഉദ്ദേശ്യങ്ങൾ**

- അർഹരായ വിദ്യാർത്ഥകളെ കണ്ടെത്തുക
- വൃത്തിയുള്ള അന്തരീക്ഷത്തിൽ ഉച്ചഭക്ഷണം തയ്യാറാക്കി വിതരണം
- പോഷകസമൃദ്ധമായ ആഹാരം
- രക്ഷിതാക്കളഉടെ പങ്കാളിത്തം
- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

| മേഖല യു.പി. മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീക വിശകലനം** |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം.<br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

www.apluseducare.blogspot.com or Whatsapp 9746544422

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

www.apluseducare.blogspot.com or Whatsapp 9746544422

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിറ്ററിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി (പി.റ്റി.എ, എം.പി.റ്റി.എ, എസ്സ്.എസ്സ്.ജി, എസ്സ്.ആർ.ജി) എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം.
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം, എസ് ആർ ജി കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ

# ഉപസംഹാരം

കുട്ടികളെ അറിവിന്റെ പാതയിലേക്കും സൻമാർഗ്ഗത്തിലേക്കും നയിക്കാനും സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ വളർത്തുന്നതിനും വിദ്യാലയത്തിന്റെ പങ്കു വലുതാണ്. ഈ രീതിയിൽ കുട്ടികളെ നയിക്കുന്നതിനാണ് അഞ്ചു വർഷം നീണ്ടു നിൽക്കുന്ന ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ധാരാളം പരിമിതികളും സാധ്യതകളും ഫലപ്രദമായി വിനിയോഗിച്ച് ഈ വിദ്യാലയത്തെ പുനലൂർ സബ്ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയമായി ഉയർത്തുന്നതിന് സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

# അനുബന്ധം

| മികവുകൾ | നേട്ടങ്ങൾ |
|---|---|
| നടപ്പുവർഷം | മുൻവർഷം |
| മുഴുവൻ കുട്ടികളുടെയും ഭവന സന്ദർശനം<br><br>ക്ലാസ്സ് പി.റ്റി.എ<br><br>പച്ചക്കറിത്തോട്ടം<br><br>എസ് റ്റി കുട്ടികളുടെ സഹവാസ ക്യാമ്പ്<br>മലയാളത്തിളക്കം<br>ശ്രദ്ധ<br>സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>പൂന്തോട്ടം | ഔഷധസസ്യങ്ങളുടെ പ്രദർശനവും സെമിനാറും<br>കയ്യെഴുത്തുമാസികകൾ-ഗണിതം, മലയാളം<br><br>സയൻസ് എക്സിബിഷൻ, പ്രോജക്ടുകൾ, ഔഷധത്തോട്ട നിർമ്മാണം, ജൈവ പച്ചക്കറിത്തോട്ടം |